സ.ഉ.(സാധാ) നം.900/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് -2009ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.900/2022/GEDN തീയതി,തിരുവനന്തപുരം, 17-02-2022

പരാമർശം:-
1. 19-10-2017-ലെ സ.ഉ (സാധാ) നം.3779/17/പൊവിവ
2. 03-03-2018-ലെ സ.ഉ (സാധാ) നം.941/2018/പൊവിവ
3. 03-10-2018-ലെ സ.ഉ (സാധാ) നം.3906/18/പൊവിവ
4. 08-03-2019-ലെ സ.ഉ (സാധാ) നം.923/19/പൊവിവ
5. 9-12-2019-ലെ സ.ഉ. (സാധാ) നം.5389/2019/പൊവിവ.
6. 29-11-2020 ലെ സ.ഉ (സാധാ) നം. 3182/2020/പൊവിവ
7. 22-02-2021 ലെ സ.ഉ (സാധാ) നം. 1838/2021/പൊവിവ
8. 14-09-2021 ലെ സ.ഉ (സാധാ) നം. 4057/2021/പൊവിവ
9. 02-12-2021 ലെ സ.ഉ (സാധാ) നം. 5594/2021/പൊവിവ
10. സീമാറ്റ് ഡയറക്ടറുടെ 24-01-2022-ലെ സീമാറ്റ്/എഡിബി1/1096/2017 നം.കത്ത്.

ഉത്തരവ്

2019- ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു മുന്നംഗ വിദഗ്ധ സമിതിയെ പരാമർശം (1) പ്രകാരം രൂപവത്കരിക്കുകയും തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം സമിതിയുടെ പരിഗണനാവിഷയങ്ങൾ നിശ്ചയിക്കുകയുണ്ടായി .

2. സമിതി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടാത്ത കാര്യങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും സമിതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന സമിതി ചെയർമാന്റെ അഭ്യർത്ഥന പ്രകാരം റിപ്പോർട്ടിന്റെ 2-ാം ഭാഗം സമർപ്പിക്കുന്നതിലേക്ക് പരാമർശം (4) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2019 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയുണ്ടായി. സമിതി ചെയർമാന്റെ ആരോഗ്യപരമായ കാരണങ്ങളാലും അക്കാദമിക കാര്യങ്ങളെ കുറിച്ച് വിശദമായ പഠനം നടത്തേണ്ടതിനാലും ആഗസ്റ്റ് മാസത്തിനുള്ളിൽ രണ്ടാം ഭാഗം റിപ്പോർട്ട് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നതായും അതിനാൽ രണ്ടാം ഭാഗം റിപ്പോർട്ട് യഥയ്യാറാക്കി സമർപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയുണ്ടായി.

3. കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ വ്യാപ്തിയും റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി വരുന്ന

സ.ഉ.(സാധാ) നം.900/2022/GEDN

അധിക സമയ ആവശ്യകതയും,കോവിഡ് പശ്ചാത്തലത്തിൽ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിനും,വിവരങ്ങൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ഡ്രാഫ്റ്റ് ചെയ്യുന്നതിനും തടസ്സങ്ങൾ നേരിട്ടതിന്റെയും അടിസ്ഥാനത്തിൽ രണ്ടാം ഭാഗം റിപ്പോർട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കോവിഡ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ 2020 ഡിസംബർ 31 ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കുമെന്ന് അറിയിച്ച സാഹചര്യത്തിൽ പരാമർശം (6) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

4.രണ്ടാംഭാഗം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കവെ, ദേശീയ വിദ്യാഭ്യാസ നയം 2020 നിലവിൽ വന്ന സാഹചര്യത്തിൽ അതിന്റെ വിശദാംശങ്ങൾ കൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (7) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2021 ജൂൺ 30 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന്, കോവിഡ് -19 രോഗ വ്യാപനം നീണ്ടു പോകുന്നതിനാലും, ലോക്ക് ഡൗൺ സാഹചര്യം നിലനില്ക്കുന്നതിനാലും സമിതിക്ക് യോഗം ചേരാൻ കഴിയാത്ത അവസ്ഥ നിലനില്ക്കുന്നുവെന്നും, ആയതിനാൽ രണ്ടാംഭാഗം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള വിദഗ്ധ സമിതിയുടെ കാലാവധി ദീർഘിപ്പിച്ച് നല്കണമെന്ന SIEMAT ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം രണ്ടാംഭാഗം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പരാമർശം (8) പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 2021 ഒക്ടോബർ 31 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

5. രണ്ടാംഘട്ടം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാനും, ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ സീമാറ്റിന് പൂർത്തിയാക്കുവാനും സൗകര്യപ്രദമാകുന്ന വിധം വിദഗ്ധസമിതിയുടെ കാലാവധി പരാമർശം (9) പ്രകാരം 2022 ജനുവരി 31 വരെ ദീർഘിപ്പിച്ചിരുന്നു.എന്നാൽ ദേശീയവിദ്യാഭ്യാസ നയം നടപ്പാക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ദേശീയ തലത്തിൽ രൂപപ്പെട്ട് വരുന്ന ഘട്ടമായതിനാൽ അവ കൂടി പരിഗണിച്ച് സമിതിയുടെ റിപ്പോർട്ടിന് അന്തിമ രൂപം നൽകിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് കോവിഡ് 19 ന്റെ മൂന്നാം തരംഗം സംസ്ഥാനത്ത് ശക്തമായതെന്നും, തന്മൂലം സമിതിയുടെ യോഗം ജനുവരി മാസം മുതൽ ഇനി അങ്ങോട്ടുള്ള ദിവസങ്ങളിൽ ചേരാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആയതിനാൽ രണ്ടാംഘട്ട റിപ്പോർട്ട് പൂർത്തീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കാനും ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനും സൗകര്യപ്രദമാകുന്ന വിധം വിദഗ്ധ സമിതിയുടെ കാലാവധി 2022 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നൽകണമെന്ന്പരാമർശം(10) ലെ കത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം പരിശോധിച്ചു. റിപ്പോർട്ടിന്റെ രണ്ടാംഭാഗം സമർപ്പിക്കുന്നതിനു സമിതിക്ക് കൂടുതൽ സമയം നൽകേണ്ടത് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുന്നതിനാൽ മേൽ സൂചിപ്പിച്ച വിദഗ്ധ സമിതിയുടെ കാലാവധി 2022 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡോ.എം.എ.ഖാദർ, ചെയർ മാൻ ,2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതി (O/O ഡയറക്ടർ, സീമാറ്റ്)

ശ്രീ.ജ്യോതി ഘുഡ്ഷൻ(റിട്ട.സ്പെഷ്യൽ സെക്രട്ടറി,നിയമവകുപ്പ്) , മെമ്പർ, ഡോ.എം.എ.ഖാദർ കമ്മിറ്റി (O/O ഡയറക്ടർ, സീമാറ്റ്)

ഡോ.സി.രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട്.പി.ഒ, കാസർഗോഡ്, മെമ്പർ, ഡോ.എം.എ.ഖാദർ

സ.ഉ.(സാധാ) നം.900/2022/GEDN

കമ്മിറ്റി (O/O ഡയറക്ടർ, സീമാറ്റ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & സ്മീഡിയ) വകുപ്പ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകളിലേക്കും

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Deepa P R
Date: 18-02-2022 14:39:47
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്